## കരിവെള്ളൂർ നോർത്ത് എ.യു.പി സ്കൂൾ


# അക്ഷരവെളിച്ചം

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 2026




**സമഗ്ര ഗുണമേന്മ വർഷം**




# അക്ഷര വെളിച്ചം

# അക്കാദമിക മാസ്റ്റർ പ്ലാൻ

## കരിവെള്ളൂർ നോർത്ത് എ. യു. പി. സ്കൂൾ

2025-26

# വിദ്യാലയം

## പൊതുഅവലോകനം

# ആമുഖം

സംസ്ഥാനത്തിന് അകത്തും പുറത്തുമായി പ്രഗത്ഭരായ നിരവധി വ്യക്തിത്വങ്ങൾക്ക് പ്രാഥമിക വിദ്യാഭ്യാസം പകർന്നു നൽകിയ കരിവെള്ളൂർ നോർത്ത് എ.യു.പി സ്കൂൾ പ്രവർത്തന മികവിന്റെ 108 ആണ്ടുകൾ പിന്നിടുകയാണ്. കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്തിന്റെ 9-ാം വാർഡിൽ വടക്കേ മണക്കാട് പ്രദേശത്ത് കരിവെള്ളൂർ പുത്തൂരമ്പലം റോഡിന്റെ വശത്തായ് സ്കൂൾ സ്ഥിതിചെയ്യുന്നു. വടക്കേ മണക്കാട്, തെക്കേ മണക്കാട്, നിടുവപ്പുറം, പലിയേരി, പലിയേരിക്കൊവ്വൽ, ഓണക്കുന്ന്, പള്ളിക്കൊവ്വൽ, ചെറുമൂല എന്നീ പ്രദേശങ്ങളിലെ കുട്ടികളാണ് പ്രൈമറി വിദ്യാഭ്യാസത്തിനായ് ഇവിടെ എത്തുന്നത്. 5-ാം തരം വരെ മാത്രം ക്ലാസുകൾ ഉണ്ടായിരുന്ന സ്കൂൾ 1982ൽ ആണ് യു.പി സ്കൂളായി അപ്ഗ്രേഡ് ചെയ്തത്.

'പാലക്കുന്ന് സ്കൂൾ' എന്ന പേരിൽ 1917 ൽ വങ്ങാട്ട് വലിയനാരായണൻ ഉണിത്തിരി വലിയ പ്രതീക്ഷയോടെ നല്ല കെട്ടിടമുണ്ടാക്കി സ്കൂൾ തുടങ്ങി. തെങ്ങുന്തറ വലിയ കൃഷ്ണൻ മാസ്റ്റർ പ്രധാനാധ്യാപകനായിരുന്നു. വങ്ങാട് ഉണ്ണമ്മൻ ഉണിത്തിരി, കോളിയാടൻ കുഞ്ഞികൃഷ്ണൻ, വലിയ നാരു ഉണിത്തിരി, പി.കുഞ്ഞികൃഷ്ണൻ നായർ, തുടങ്ങിയ അധ്യാപകർ ഇവിടെ ജോലി ചെയ്തിരുന്നു. 1940 ൽ മാനേജ്മെന്റ് പുത്തൂരിലുള്ള വി.എം കൃഷ്ണൻ നമ്പീശന് കൈമാറി. കൃഷ്ണൻ നമ്പീശൻ ആത്മഹത്യ ചെയ്തതിനെ തുടർന്ന് മാനേജ്മെന്റ് അപ്യാൽ ചന്തൻ മാസ്റ്റർക്കും ഭാര്യ വഴി കീനേരി നാരായണൻ മാസ്റ്റർക്കും ലഭിച്ചു. ഇതുവരെയായി 3500 ൽ അധികം കുട്ടികൾ ഇവിടെ പ്രൈമറി വിദ്യാഭ്യാസം പൂർത്തിയാക്കിയിട്ടുണ്ട്. ഇന്ന് സ്കൂളിന് ശക്തമായ ഒരു പി.ടി.എ കമ്മറ്റി ഉണ്ട്. സ്കൂളിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിൽ പി.ടി.എക്ക് ശക്തമായ പിന്തുണ നൽകിക്കൊണ്ട് നിലവിലുള്ള മാനേജ്മെന്റ് ഉണർന്ന് പ്രവർത്തിച്ചു വരുന്നു.

## പൊതു ലക്ഷ്യങ്ങൾ

സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികളും ഓരോ ക്ലാസിലും ആർജിക്കേണ്ട ശേഷികൾ, ധാരണകൾ, നൈപുണികൾ കഴിവിനനുസരിച്ച് നേടിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തുക.

എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷികൾ വികസിപ്പിക്കുക.

കുട്ടികളുടെ മാതൃഭാഷ നിലവാരം ഉയർത്തുക

രസകരമായ ഗണിതപഠനത്തിലൂടെ സംഖ്യാവബോധം വളർത്താനും നിത്യ ജീവിതത്തിലെ പ്രായോഗിക പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും ഗണിതത്തെ തൊട്ടറിയാനും കുട്ടികളെ പ്രാപ്തരാക്കുകയും, ഉയർന്ന നിലവാരത്തിൽ എത്തിക്കുകയും ചെയ്യുക.

ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും ഒന്നാന്തരമാക്കുക.

സർഗ്ഗാത്മകരചനയ്ക്ക് അവസരങ്ങൾ ഉറപ്പുവരുത്തുക.

ആധുനിക സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിന് സ്വയം പ്രാപ്തി നേടുക, പഠനനേട്ടം ഉറപ്പു വരുത്തുക.

കലാ കായിക ശാസ്ത്ര മേളകളിൽ മികച്ച പങ്കാളിത്തവും വിജയവും ഉറപ്പു വരുത്തുക.

സാമൂഹ്യ ഇടപെടലുകളിലൂടെ പരിസരപഠനം രസകരമാക്കുക എൽ.എസ്. എസ് പരീക്ഷയിൽ ഉയർന്ന വിജയം നേടുക.

# ആമുഖം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സജീവയമായി ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ചു സമൂഹത്തെ മുന്നോട്ട് നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം.

2025-2026 അക്കാദമിക വർഷം "സമഗ്ര ഗുണമേന്മ വർഷ"മായി വിദ്യാഭ്യാസ മേഖലയിൽ പുത്തനുണർവ്വു പ്രതിനിധാനം ചെയ്യുമ്പോൾ,മികവാർന്ന പുതുമായാർന്ന പ്രവർത്തനങ്ങളാണ് വിദ്യാലയങ്ങൾ ആസൂത്രണം ചെയ്യുന്നത്. നമ്മുടെ വിദ്യാലയവും സമഗ്രാഗുണമേന്മ വർഷത്തെ ആഘോഷ പൂർവ്വം സ്വീകരിക്കാൻ ഉള്ള തയ്യാറെടുപ്പുകളുടെ വ്യക്തതയാർന്ന പ്രവർത്തനങ്ങൾ വളരെ വിജയപ്രദമായി പൂർത്തിയാക്കാൻ സാധിച്ചതിനാൽ ഏറെ ആത്മവിശ്വാസത്തോട്കൂടിയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ ഇവിടെ സമർപ്പിക്കുന്നത്.

# 2024-2025

# വർഷത്തിനിടയിൽ നടന്ന മികവാർന്ന പ്രവർത്തങ്ങൾ

# 2024-2025 വർഷത്തെ മികവാർന്ന പ്രവർത്തങ്ങൾ

- കുഞ്ഞുഭാവനയിൽ വിടർന്ന പുസ്തകത്താളുകൾ
  - "കിലുക്കാംപ്പെട്ടി" ഒന്നാം തരം കുഞ്ഞു പുസ്തകം
  - FLOWER BUDS
  - അക്ഷരം - മലയാളം രചനകൾ
  - വായനാക്കുറിപ്പ് - ബഡിങ് റൈറ്റേഴ്സ്
- **HELPING HAND**

ചിത്രമണി ബുക്ക് - നൂതന അറിവിലേക്കുള്ള 100 ചിത്രങ്ങൾകുട്ടികളുടെ അറിവിലേക്ക്.

100 ദിനം 100 പരീക്ഷണം- ശാസ്ത്ര ദിനത്തിൽനൂറാമത്തെ പരീക്ഷണം പൂർത്തിയാക്കി

- ഭാഷാ അസംബ്ലികൾ- ഇംഗ്ലീഷ്,സംസ്കൃതം,ഹിന്ദി
- ജനാധിപത്യ രീതിയിൽ സ്കൂൾ ലീഡർ തിരഞ്ഞെടുപ്പ്.
- HAPPY BIRTHDAY ALEXA -BIRTHDAY WISHES FOR ALEXA ROBOTIC GIRL.
- STORY KITES - COLLECTION OF STORIES.
- ഗണിത പഠനോപകരണ ശില്പശാല
- ഗണിതം മധുരം- ഗണിത കളികളിലൂടെ
- ആഴ്ച നക്ഷത്ര ക്വിസ്
- പത്ര ക്വിസ്
- വിഭവ മേള - പാഠഭാഗവുമായി ബന്ധിപ്പിച്ച് വിവിധ ക്ലാസ്സുകൾ നടത്തിയ രുചിമേളം.
- സാക്ഷരം - പഠന പിന്തുണാ പ്രവർത്തനം
- കുഞ്ഞൂണ് - പിറന്നാൾ ദിനത്തിൽ കൂട്ടുകാരുമൊത്ത് ഉച്ചഭക്ഷണം.
- HAPPY BIRTH DAY - BIRTHDAY CARD

# കരിവെള്ളൂർ നോർത്ത് എ. യു. പി. സ്കൂൾ

**2025-2026**




## നല്ല പാഠങ്ങൾ

## നന്മയ്ക്കായ്....

# നല്ല പാഠം

## ജൂൺ 2 മുതൽ 13 വരെ

**2025 ജൂൺ 3**

- പൊതുകാര്യങ്ങൾ
  മയക്കുമരുന്ന്/ലഹരി ഉപയോഗത്തിനെതിരെ ക്ലാസ്സുകൾ നടത്തി.

**2025 ജൂൺ 4**

- റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ/സ്കൂൾ വാഹന സഞ്ചാരം അറിയേണ്ട കാര്യങ്ങൾ/ട്രാഫിക് നിയമങ്ങൾ എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി ക്ലാസ് നടത്തി.

**2025 ജൂൺ 5**

- വ്യക്തിശുചിത്വം പരിസര ശുചിത്വം,ഹരിത ക്യാമ്പസ്സ്,സ്കൂൾ സൌന്ദര്യവത്കരണം.

**2025 ജൂൺ 9**

- ആരോഗ്യം,വ്യായാമം,കായിക ക്ഷമത

**2025 ജൂൺ 10**

- ഡിജിറ്റൽ അച്ചടക്കം

**2025 ജൂൺ 11**

- പൊതുമുതൽ സംരക്ഷണം

**2025 ജൂൺ 12**

- പരസ്പര സഹകരണത്തിെ പ്രാധാന്യം,റാഗിങ്,വൈകാരിക നിയന്ത്രണമില്ലായ്മ

**2025 ജൂൺ 13**

- പൊതു ക്രോഡീകരണം
- SRG

# ഒരുക്കം - 2025

ഒന്ന് രണ്ട് ക്ലാസ്സിലെ കുട്ടികൾക്കായി 2025-26 വർഷം നടപ്പിലാക്കുന്ന പ്രവർത്തന പാക്കേജ്.

| പ്രവർത്തനത്തിന്റെ പേര് | പ്രവർത്തന ലക്ഷ്യം | സമയ ദൈർഘ്യം |
|---|---|---|
| ➢ ഒന്നൊരുക്കം 2025 ശില്പശാല | രക്ഷിതാക്കൾക്കായുള്ള സൌഹൃദകൂട്ടായ്മ പഠനലക്ഷ്യങ്ങൾ,പാഠപുസ്തകങ്ങൾ പഠനോപകരണ നിർമാണം തുടങ്ങി വിവിധങ്ങളായ പ്രവർത്തനങ്ങൾ. | ജൂൺ |
| ➢ ഒന്നൊരുക്കം | പുതുതായി സ്കൂളിൽ എത്തുന്ന കുരുന്നുകൾക്ക് പഠനാന്തരീക്ഷത്തെആസ്വാദ്യ വും ആനന്ദകരവുമാക്കാനുള്ള മുന്നൊരുക്ക പാക്കേജ്. | സ്കൂൾ തുറന്ന് 10 ദിവസം (ജൂൺ 2 to 13) |
| ➢ രണ്ടൊരുക്കം | സ്കൂൾ തുറന്നു ക്ലാസ്സിലെത്തുന്ന കുട്ടികളെ പഠനാന്തരീക്ഷത്തിനായി ഒരുക്കാനും മുന്നറിവ് പരിശോധനയയ്ക്കുമായുള്ള പ്രവർത്തന പാക്കേജ്. | സ്കൂൾ തുറന്ന് 10 ദിവസം (ജൂൺ 2 to 13) |
| ഗണിത കൌതുകലോകം | ഗണിതം ഏറെ കൌതുകവും ആസ്വാദ്യവും ആക്കാൻ "ഗണിതം മധുരം" ഗെയിം കിറ്റ് ഉപയോഗിച്ച് ഗണിതക്കളികൾ(അടിസ്ഥാന ശേഷികളായ കൂട്ടൽ കുറയ്ക്കൽ) | 1 വർഷം |

| ലക്ഷ്യം | പ്രവർത്തങ്ങൾ | മാസം | ചുമതല |
|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു. | ▪ **ഗണിത ശിൽപ ശാല** - കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തങ്ങൾ നൽകുന്നു.(നമ്പർ കാർഡ്,മഞ്ചാടിക്കുരു,മുത്തുകൾ,ഫ്ലാഷ് കാർഡ് ഉപയോഗിക്കുന്നു. | ജൂൺ മാസം | ഗണിത അധ്യാപകൻ |
| ഗണിത പഠന പ്രവർത്തങ്ങൾ സുഗമമാക്കൽ | ▪ വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ ലാബിൽ വച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | ഗണിത അധ്യാപകനും ഗണിത ക്ലബ്ബിലെ അംഗങ്ങളും |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻ നിരയിലെത്തിക്കുന്നു. | ▪ ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദേശങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകനും സമർത്ഥരായ കുട്ടികളും |
| വിവിധ ശേഷികളുടെ വികസനം | ദിനാചരണം<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG |

# പദ്ധതി രൂപീകരണം

## ഭാഷ

### മുഖ്യലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളും അവർ പഠിക്കുന്ന ക്ലാസനുസരിച്ചും നിലവാരമനുസരിച്ചും ഭാഷയിലെ ഉയർന്ന ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തും.
- 5 വർഷത്തിനുള്ളിൽ സ്കൂൾ വിട്ട് പുറത്തു വരുന്ന മുഴുവൻ കുട്ടികളും മലയാളം, ഇംഗ്ലീഷ്, ഹിന്ദി തുടങ്ങി മൂന്ന് ഭാഷകളെങ്കിലും അനായാസം ആശയവിനിമയം നടത്തുന്നതിന് പ്രാപ്തരാകും
- 5 വർഷത്തിനുള്ളിൽ ഓരോ കുട്ടിയുടേയും അഭിരുചിക്കനുസരിച്ച് സർഗ്ഗാത്മക പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിനും വിവിധരീതിയിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവും വികസിക്കുന്നു.
- 5 വർഷത്തിനുള്ളിൽ ഓരോ കുട്ടിയും തന്റെ ആവശ്യങ്ങൾ ,താൽപര്യങ്ങൾ, അഭിലാഷങ്ങൾ എന്നിവ പറഞ്ഞും എഴുതിയും പ്രകടിപ്പിക്കുന്നതിന് പ്രാപ്തരാകും.

### ഉപലക്ഷ്യങ്ങൾ

- ഓരോ ക്ലാസിലേയും ഓരോ യൂണിറ്റുമായും ബന്ധപ്പെട്ട് സമഗ്രാസൂത്രണം, സൂക്ഷ്മാസൂത്രണം, എന്നിവ സമയബന്ധിതമായി പൂർത്തിയാക്കും.
- എല്ലാ കുട്ടികൾക്കും വായനയും എഴുത്തും ഉറപ്പുവരുത്തും.
- വായന പരിപോഷിപ്പിക്കുന്നതിന് വൈവിധ്യമാർന്ന അവസരങ്ങളൊരുക്കും (ലൈബ്രറി ശാക്തീകരണം).
- ഓരോ അക്കാദമിക വർഷവും വിവിധ ക്ലാസുകളിൽ കരിക്കുലം വിഭാവനം ചെയ്യുന്ന വിധത്തിൽ ഡിസികോഴ്സുകൾ സ്വായത്തമാക്കാൻ വൈവിധ്യമാർന്ന അവസരങ്ങളൊരുക്കും.
- വിവിധ ക്ലാസുകളിൽ ഓരോ യൂണിറ്റിലുമുള്ള സർഗ്ഗാത്മക പ്രകടനങ്ങൾക്കുള്ള അവസരങ്ങൾ പരിപോഷിപ്പിക്കും.
- സമയാസമയങ്ങളിൽ ആശയപ്രകടനത്തിനും ആവിഷ്കാരത്തിനുമുള്ള വൈവിധ്യമാർന്ന അവസരങ്ങലൊരുക്കുക.(ബുള്ളറ്റിൻ ബോർഡുകൾ, ചുമർപത്രികകൾ, കൈയ്യെഴുത്തു പ്രതികൾ).

| ലക്ഷ്യം | പ്രവർത്തങ്ങൾ | മാസം | ചുമതല |
|---|---|---|---|
| ഭാഷയുടെ അടിസ്ഥാനശേഷി വികസനം.ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | ▪ എന്റെ അവധിക്കാലം- പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ(കഥ ,കവിത,യാത്രാനുഭവം,അനുഭവ ക്കുറിപ്പ് അവതരിപ്പിക്കുന്നു.<br>▪ ഭാഷാകേളി-അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചുവരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു.<br>▪ വാക്കുകളിൽ നിന്നും വാക്യത്തിലേക്ക് - അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്കുകളുടെയും നിർമാണം. | ജൂൺ മാസം | മലയാളം അധ്യാപിക |
| പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക | ▪ വാർത്താലോകത്തേക്ക് - പത്രം,ആഴ്ച പതിപ്പ്,മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപിക |
| സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ | ▪ സംവാദം/മുഖാമുഖം- സാഹിത്യകാരൻമാർ,എഴുത്തുകാർ,കലാകാരൻമാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ 2 പ്രാവശ്യം | മലയാളം അധ്യാപിക |

| | | | |
|---|---|---|---|
| മലയാളം കംബ്യൂട്ടറിംഗ് പരിജ്ഞാനം നേടിയെടുക്കലും സർഗാത്മക ശേഷി വളർത്തലും. | ഇ- കമ്പ്യൂട്ടിംഗ് മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും- ഇ മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. മുഴുവൻ പഠിതാക്കളുടെയും സർഗാത്മക രചനകൾ ഉൾകൊള്ളിച്ചുകൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം ഐ. ടി അധ്യാപകൻ |

[illegible]

പ്രവർത്തനം 1

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക. | ആഴ്ചയിൽ 2 ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. അദ്ധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ. ഓരോ ക്ലാസ്സുകൾക്കും ഇടവിട്ട് ചുമതല നൽകൽ | ആഴ്ചയിൽ 2 ദിവസം | ക്ലാസ്സ് ടീച്ചർ | - - |

പ്രവർത്തനം 2

പേര് : ഇംഗ്ലീഷ് ഡയറി

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുക. | ആഴ്ചയിൽ 5 ദിവസം | ഇംഗ്ലീഷ് അദ്ധ്യാപിക | - - |

പ്രവർത്തനം 3

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് തീയറ്റർ

ഉപമേഖല : ഇംഗ്ലീഷ് ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | പാഠപുസ്തത്തിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റിയെഴുതി സദസ്സിനു മുമ്പാകെ അവതരിപ്പിക്കൽ. ഉദാ. skit, conversation, drama etc. | പ്രതിമാസ പരിപാടി | എച്ച്.എം. / ഇംഗ്ലീഷ് അദ്ധ്യാപകൻ | 2000/- പി.ടി.എ. |

പ്രവർത്തനം 4

പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ

ഉപമേഖല : ഇംഗ്ലീഷ് സർഗ്ഗാത്മക രചന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിൽസർഗാത്മക രചന നടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ | ഓരോ മാസവും ഏതെങ്കിലും വിഷയം കേന്ദ്രീകരിച്ച് ബുള്ളറ്റിൻ തയ്യാറാക്കൽ.<br>Example<br>June : Monsoon<br>July : Population<br>August : Freedom<br>Sept. : Onam etc. | പ്രതിമാസ പരിപാടി | എച്ച്.എം./ ഇംഗ്ലീഷ് അദ്ധ്യാപിക | 2000/- (പരസ്യത്തിലൂടെ കണ്ടെത്താം |

പ്രവർത്തനം 5

പേര് : ഇംഗ്ലീഷ് ഫെസ്റ്റ്

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കൽ | മദ്ധ്യവേനൽ അവധിക്കാലത്ത് 5 ദിവസത്തെ ഇംഗ്ലീഷ് ഫെസ്റ്റ് മുഴുവൻ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ തന്നെ ചെയ്യൽ | 5 ദിവസം (അവധിക്കാലം) | പി.ടി.എ. പ്രസിഡന്റ് എച്ച്.എം. | 10000/- (പ്രതിവർഷം സി.എസ്.ആർ. ഫണ്ട്) |

പ്രവർത്തനം 6

പേര് : ഇംഗ്ലീഷിൽ കത്തെഴുത്ത് (English pen friends)

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് രചനയിൽ പ്രാവീണ്യം നേടൽ | സ്കൂളിലെ ഒരു മാസത്തെ അക്കാദമിക് പ്രവർത്തനങ്ങളുടെ വിശേഷങ്ങൾ മറ്റൊരു ജില്ലയിലെ സമാന ക്ലാസ്സിലെ കുട്ടികളുമായി പ്രതിമാസ കത്തിടപാടിലൂടെ പങ്കുവയ്ക്കൽ | മാസത്തിൽ ഒന്നുവീതം | ക്ലാസ്സ് ടീച്ചർ | പ്രതിവർഷം 10000/- ( പി.ടി.എ. ഫണ്ട്) |

## ഇംഗ്ലീഷ്

| ACTIVITY | DURATION | CLASS |
|---|---|---|
| **Story Time.**<br>പാഠഭാഗവുമായി ബന്ധപ്പെട്ട കഥാഭാഗം കണ്ടെത്തൽ അവതരണത്തിന് വ്യത്യസ്ത തന്ത്രങ്ങൾ (നാടകീകരണം, പാവകളി....) | 3 മാസം | LP-UP |
| **Public Speaking**<br>ഓഡിയോ വീഡിയോ I C T ഉപയോഗിച്ച് വ്യത്യസ്ത അനുഭവങ്ങൾ നൽകുന്നു. | 2 മാസം | LP-UP |
| **Drama Theatre**<br>പാഠഭാഗത്തെ നാടകീകരണ സന്ദർഭങ്ങൾ കണ്ടെത്തുന്നു.<br>**Script writing**<br>**Cinema & Documentary**<br>**Choreography**<br>**Drama Camp**<br>**News readings**<br>**Recitation**<br>**Speech**<br>**English Assembly** | 2 മാസം | UP |

# ഗണിതം

## ആമുഖം

ജീവിതവിജയം നേടുന്നതിന് ഗണിതശേഷികൾ നേടേണ്ടത് അത്യാവശ്യമാണ്. നിത്യജീവിതവുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങളും ഗണിതവുമായി നേരിട്ടോ അല്ലാതെയോ ബന്ധപ്പെട്ടുകിടക്കുന്നു. പ്രാധമിക ഗണിതശേഷികൾ ജീവിതത്തിന്റെ ഭാഗം തന്നെയാണ്. ഓരോ ഘട്ടത്തിലും നേടേണ്ട പഠനനേട്ടങ്ങൾ നേടി എന്ന് ഉറപ്പുവരുത്തുകയാണെങ്കിൽ ഗണിതത്തിൽ നിന്ന് കുട്ടികൾ അകലുന്നത് ഒഴിവാക്കാൻ കഴിയും .രസകരമായ അധികപ്രവർത്തനങ്ങൾ കുട്ടികൾക്ക് ലഭിക്കേണ്ടതുണ്ട്. അടിസ്ഥാന വസ്തുതകൾ മനസ്സിലാക്കി ഗണിതത്തിന്റെ മനോഹാരിത കുട്ടികളിൽ എത്തേണ്ടതുണ്ട്. അതിനുള്ള ശ്രമമാണ് 'ഗണിതം ലളിതം' എന്ന പദ്ധതിയിലൂടെ കരിവെള്ളൂർ നോർത്ത് എ.യു.പി സ്കൂൾ നടപ്പിലാക്കുന്നത്.

| പ്രധാന പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|
| • പാറ്റേൺ (വൃത്തം, ചതുരം, ത്രികോണം ഇവ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള ചിത്രങ്ങൾ<br>• ഹോണസ്റ്റി ഷോപ്പ്<br>• ഗണിതം കളികളിലൂടെ<br>• ഗണിത പസിലുകളുടെ നിർമ്മാണം<br>• ഗണിത ആൽബം തയ്യാറാക്കൽ<br>• ക്ലാസ്തല ഗണിത ലാബ്<br>• ഗണിത ലൈബ്രറി<br>• എല്ലാവർക്കും ഗണിത കിറ്റ്<br>• ഗണിത നിഘണ്ടു നിർമ്മാണം<br>• വിദ്യാലയം ഗണിതവൽക്കരിക്കപ്പെടുന്നു.<br>• ഗണിതോൽസവം സ്കൂൾതലം<br>• ഗണിതക്ലാസ്<br>• പ്രൊജക്ട് | ദീർഘകാലം |

## ലക്ഷ്യങ്ങൾ

- ഗണിതത്തിലെ അടിസ്ഥാന ആശയങ്ങളിലും കഴിവുകളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികൾക്ക് അത് മിറകടക്കാൻ പിന്തുണ നൽകുക
- ഗണിത പഠനശേഷി വികസിപ്പിക്കുക
- ഗണിതപഠനത്തെ സാമൂഹിക വളർച്ചയ്ക്ക് പ്രയോജനപ്പെടുത്താനുള്ള മനോഭാവം വളർത്തുക.
- പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാൻ കുട്ടിയെ പ്രാപ്തനാക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|
| ഗണിതത്തോട് താൽപര്യമുണ്ടാക്കൽ | മുന്നറിവ് കളികളിലൂടെ പരിശോധിക്കുന്നു. പഠനനേട്ടം ഉറപ്പിക്കാനാവശ്യമായ കളികൾ ലിസ്റ്റ് ചെയ്യുന്നു. വിവിധ കളികളിൽ ഏർപ്പെടുന്നു. | ജൂൺ ആദ്യ ആഴ്ച | എസ്.ആർ.ജി , പി.ടി.എ | |
| പഠനസാമഗ്രികളുടെ ശേഖരണം നിർമ്മാണം | ഓരോ കുട്ടിക്കും ഓരോ ഗണിത കിറ്റ് , ഗണിത ആൽബം | ദീർഘകാലം ജൂൺ- മാർച്ച് | എസ്.ആർ.ജി , പി.ടി.എ എസ്.എസ്.ജി | 30000 |
| പഠനോപകരണങ്ങളുടെ സഹായത്തോടെ അനുഭവങ്ങൾ കൈവരിക്കൽ | ഗണിതമൂലയും ഗണിതകിറ്റും ഉപയോഗിച്ച് പഠനപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു | ദീർഘകാലം ജൂൺ- മാർച്ച് | എസ്.ആർ.ജി , പി.ടി.എ എസ്.എസ്.ജി | 20000 |
| ഗണിത പഠന ശേഷി വികസിപ്പിക്കൽ | ഗണിത ലൈബ്രറി , ഗണിത നിഘണ്ടു. | ദീർഘകാലം ജൂൺ- മാർച്ച് | എസ്.ആർ.ജി , പി.ടി.എ എസ്.എസ്.ജി | 20000 |
| ഗണിതം ലളിതവും രസകരവുമാക്കുന്നു. | വിദ്യാലയം ഗണിതവൽക്കരിക്കുന്നു. ഗണിതോൽസവം, ഗണിതമേള, ഗണിതക്യാമ്പുകൾ | ജൂലായ് ആഗസ്ത് ഒക്ടോബർ ഡിസംബർ | എസ്.ആർ.ജി , പി.ടി.എ എസ്.എസ്.ജി | 30000 |
| എല്ലാകുട്ടികളേയും സംഖ്യാബോധമുള്ളവരാക്കുന്നു | സാധനങ്ങൾ എണ്ണിയെടുക്കൽ സംഖ്യാവ്യാഖ്യാനം കാർഡ് കളി ഗണിത കളികൾ | ദീർഘകാലം ജൂലായ് -മാർച്ച് | പി.ടി.എ | 5000 |
| മുഴുവൻ കുട്ടികളും ചതുഷ്ക്രിയകൾ സ്വായത്തമാക്കിയെന്ന് ഉറപ്പുവരുത്തുന്നു. | ഡൊമിനോകളി ഹോണസ്റ്റി ഷോപ്പ് | ദീർഘകാലം | എസ്.ആർ.ജി , പി.ടി.എ എസ്.എസ്.ജി | 10000 |
| ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു. | കവർ നിർമ്മാണം ത്രിമാന മോഡലുകളുടെ നിർമ്മാണം വിവിധ ജ്യാമിതീയ പാറ്റേണുകൾ | ദീർഘകാലം | എസ്.ആർ.ജി , പി.ടി.എ എസ്.എസ്.ജി | 10000 |
| മെട്രിക് അളവുകളെ കുറിച്ച് കൃത്യമായ പ്രാവിണ്യം നേടുന്നു. | അളവു പാത്രങ്ങളുടെ ഉപയോഗം നിർമ്മാണം ശേഖരണം പ്രദർശനം സെമിനാർ | ഹ്രസ്വകാലം നവംബർ- മാർച്ച് | എസ്.ആർ.ജി , പി.ടി.എ എസ്.എസ്.ജി | 20000 |
| സമയവുവായി ബന്ധപ്പെട്ടകാര്യത്തെകുറിച്ച് ധാരണ നേടുന്നു. | | | | |

| ലക്ഷ്യം | പ്രവർത്തങ്ങൾ | മാസം | ചുമതല |
| --- | --- | --- | --- |
| UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും,പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | ▪ അക്ഷരം എഴുത്ത്<br>▪ ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>▪ അക്ഷരകാർഡ്,വാക്കുകൾ എഴുതിയ കാർഡ്.<br>▪ ക്ലാസ്സിൽ അക്ഷരമാല പ്രദർശനം<br>▪ ഓൺലൈൻ അക്ഷരമാല വീഡിയോ<br>▪ വാക്കുകൾ നിർമാണം<br>▪ വാക്യങ്ങളുടെ നിർമാണം | ജൂൺ | ഹിന്ദി അധ്യാപകൻ |
| വീട് ഒരു പരീക്ഷണ ശാല | ▪ വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങളുടെ കൂടാതെ മറ്റുവസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കൽ. | സെപ്തംബർ മുതൽ ഒക്ടോബർ വരെ | ഹിന്ദി അധ്യാപകൻ |
| ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം | ▪ ഹിന്ദി അസംബ്ലി<br>▪ ദിനാചാരണങ്ങൾ പ്രതേകിച്ച് സെപ്റ്റംബർ- 14<br>▪ ലൈബ്രറി ബുക്സ്<br>▪ അധിക വായനാ സാമഗ്രികൾ<br>▪ ചിത്ര സഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ.<br>▪ ചിത്രം അടിക്കുറിപ്പ്<br>▪ ചിത്രം കഥപറയൽ<br>▪ ചിത്രം കഥഎഴുത്ത്<br>▪ കഥ ബാക്കി എഴുതൽ<br>▪ ഹിന്ദി ക്ലബ് പ്രവർത്തങ്ങൾ. | നവംബർ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകൻ |

# സംസ്കൃതം

## പ്രതിമാസ കലണ്ടർ 2025-26

| | | |
|---|---|---|
| ജൂൺ | സംസ്കൃതം ക്ലബ് രൂപീകരണം, ഐ.സി.ടി. സാധ്യത ഉപയോഗിച്ചുകൊണ്ട് ഭാഷാനൈപുണി വളർത്തൽ | V,VI,VII |
| ജൂലൈ | പ്രതിസപ്താഹ പ്രശ്നോത്തരി<br>സംസ്കൃത സുഭാഷിത ആലാപനം, സംസ്കൃത പത്രവായന ആകാശവാണിയിലൂടെ | V,VI,VII |
| ആഗസ്ത് | സംസ്കൃത അസംബ്ലി<br>സംസ്കൃത ദിനാഘോഷം, മഹത്വചനങ്ങളുടെ പോസ്റ്റർനിർമ്മാണം, നിത്യോപയോഗ വസ്തുക്കളുടെയും, പക്ഷിമൃഗാദികളുടെ പേരുകൾ കണ്ടെത്തി പതിപ്പ് തയ്യാറാക്കൽ, സ്വാതന്ത്ര്യദിനത്തിൽ സംസ്കൃത പതിപ്പ് | V,VI,VII |
| സെപതംബർ | സംസ്കൃത കീബോർഡ് പരിചയപ്പെടുത്തൽ വാക്കുകൾ ടൈപ്പ്ചെയ്ത് പ്ലക്കാർഡുകൾ നിർമ്മിക്കൽ | V,VI,VII |
| ഒക്ടോബർ | എഴുത്തിലും വായനയിലും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി തുടർപ്രവർത്തനം<br>ഗാന്ധിജയന്തി | V,VI,VII |
| നവംബർ | സംസ്കൃതത്തിലുള്ള വിവിധ ക്രീഡകൾ പരിചയപ്പെടുത്തൽ | V,VI,VII |
| ഡിസംബർ | സംസ്കൃത വാതവരണം സംഭാഷണ പരിശീലനം ഐ.സി.ടി അർദ്ധവാർഷിക മൂല്യനിർണ്ണയം | |
| ജനുവരി | സംസ്കൃത കഥ, കവിത, സാഹിത്യകാരന്മാരുടെയും സംസ്കൃത കവികളുടെയും ഓഡിയോ, വീഡിയോ പ്രദർശനം, വായന | |
| ഫെബ്രുവരി | അതുവരെ നടന്ന ക്ലാസിലെ പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങുടെ ദൃശ്യാവിഷ്കാരം<br>ക്രീഡോത്സവ ഏകദിന ക്യാമ്പ് | |
| മാർച്ച് | ക്ലാസിൽ നേടിയെടുക്കേണ്ട ശേഷി നേടി എന്ന് ഉറപ്പു വരുത്തൽ<br>വാർഷിക മൂല്യനിർണ്ണയം | |

## അടിസ്ഥാന ശാസ്ത്രം

വിദ്യാഭ്യാസത്തിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ് കുട്ടികളിൽ ശാസ്ത്രീയ ചിന്ത വളർത്തുക എന്നത്. ശാസ്ത്രം മുന്നോട്ട് കുതിക്കുമ്പോഴും പല സങ്കുചിത ചിന്തകളിലും കുടുങ്ങി പിന്നോട് നീങ്ങുകയാണ് ഇന്ന് സമൂഹം.ഇതിനെതിരെ വിമർശനാത്മക ചിന്തകൾ രൂപപ്പെടുത്താൻ ഇന്ന് ശാസ്ത്രത്തിന് കഴിയും. നിത്യജീവിതത്തിൽ കാണുന്നതും പരിജയപ്പെടുന്നതുമായ എല്ലാത്തിലും ശാസ്ത്രത്തെ കണ്ടെത്താനും അതിലൂടെ സ്വന്തം നിരീക്ഷണം വികസിപ്പിക്കാനും കുട്ടികളെപ്രാപ്തരാക്കേണ്ടതുണ്ട്.പരീക്ഷണം,നിരീക്ഷണം,വിവരശേഖണം

ഗവേഷണം തുടങ്ങിയവയിലൂടെ ശാസ്ത്രപഠനം കൌതുകകരവും താൽപര്യ ജനകവുമാക്കി മാറ്റാൻ കഴിയും.

### ലക്ഷ്യങ്ങൾ

- ശാസ്ത്ര പരീക്ഷണങ്ങൾ ചെയ്യാനും നിഗമനങ്ങൾ രൂപീകരിക്കാനും സാധിക്കുന്നു.
- ശസ്ത്രജ്ഞരേയും അവരുടെ സംഭാവനകളെയും മനസ്സിലാക്കുക.
- നിത്യജീവിതത്തിലെ ശാസ്ത്രത്തെ തിരിച്ചറിയുക.

| ലക്ഷ്യം | പ്രവർത്തങ്ങൾ | കാലം | സാമ്പത്തിക വിശകലനം |
|---|---|---|---|
| ശാസ്ത്ര ലാബ് സജ്ജീകരിക്കൽ | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങളും രാസവസ്തുക്കളും ഇനം തിരിച്ച് ക്രമീകരിക്കൽ കാറ്റലോഗ് തയ്യാറാക്കൽ | ഹ്രസ്വകാലം ജൂൺ -ജൂലൈ | 50000 |
| ഗവേഷണ പഠനത്തിലൂടെ കുട്ടി ശാസ്ത്രജ്ഞരെ വളർത്തിയെടുക്കൽ | ഗവേഷണ പ്രൊജെക്ടുകൾഏറ്റെടുക്കൽ,കുട്ടികളുടെ അന്വേഷണാത്മക ചിന്തകൾക്ക് ഊന്നൽ നൽകൽ | ദീർഘ കാലം ജൂലൈ - ജനുവരി | 30000 |
| ശാസ്ത്ര പഠനം രസകരമാക്കൽ | സയൻസ് പാർക്ക്/പ്ലാനിറ്റോറിയം യാത്ര സംഘടിപ്പിക്കൽ | ഹ്രസ്വകാലം സെപ്റ്റംബർ | 40000 |
| | സ്കൂൾ തല ശാസ്ത്ര മേളയിൽ എല്ലാകുട്ടികളുടെയും പങ്കാളിത്തം.ഉപജില്ലാ സംസ്ഥാന തലങ്ങളിൽ മുഴുവൻ ഐറ്റങ്ങളിലും കുട്ടികളെ പങ്കെടുപ്പിക്കൽ | ഹ്രസ്വകാലം ജൂലൈ- ഒക്ടോബർ | 20000 |
| നിത്യജീവിതത്തിലെ ശാസ്ത്രം തിരിച്ചറിയുക | അടുക്കളയിലെ പരീക്ഷണ നിരീക്ഷണങ്ങൾ | ഹ്രസ്വകാലം | 5000 |
| ശാസ്ത്ര ബോധം ഉണ്ടാക്കൽ/ഓരോ കുട്ടിക്കും ഓരോ ഗവേഷണ പ്രോജക്ട് | ശാസ്ത്രപ്രദർശനം നടത്തൽ ശാസ്ത്രജ്ഞൻമാരുടെ ചിത്രങ്ങൾ ഹാളിൽ തൂക്കിയിടുന്നു. പതിപ്പ് നിർമാണം ശാസ്ത്ര മാഗസിൻ. | ഹ്രസ്വകാലകം ആഗസ്ത് - ഡിസംബർ | 10000<br>20000 |
| | | | |

| | | | |
|---|---|---|---|
| ലോ കോസ്റ്റ് -സീറോ കോസ്റ്റ് സാമഗ്രികൾ ഉപയോഗിച്ച് ശാസ്ത്ര പാഠ്യപദ്ധതി. | ശാസ്ത്ര ഉപകരണ നിർമാണ കളരി | ഹ്രസ്വകാലം ജനുവരി | 20000 |
| വീട്ടിലൊരു ലാബ് | വീട്ടിൽ ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ച് ലാബ് തയ്യാറാക്കാം | ദീർഘകാലം | 10000 |
| പരിസ്ഥിതി സൌഹൃദ വിദ്യാഭ്യാസം പകരുക | ജൈവ വൈവിധ്യ ഉദ്യാനം,മരങ്ങൾ വച്ചുപിടിപ്പിക്കൽ | ഹ്രസ്വകാലം ജൂൺ ഡിസംബർ | 30000 |
| കൃഷിയോട് ആഭിമുഖ്യം പുലർത്താൻ | പച്ചക്കറി കൃഷി പ്രോൽസാഹിപ്പിക്കൽ ,കൃഷിക്കാരുമായുള്ള ആഭിമുഖം,പുതിയ കൃഷി രീതികൾ - സെമിനാർ | ഹ്രസ്വകാലം സെപ്റ്റംബർ ജനുവരി | 20000 |

<u>പ്രവർത്തങ്ങൾ</u>

- പരീക്ഷണങ്ങൾക്ക് പ്രത്യേക മുറി,അലമാരകൾ,മേശ,പരീക്ഷണ ഉപകരണങ്ങൾ,സാമഗ്രികൾ തുടങ്ങിയവ ഉൾപ്പെട്ട ശാസ്ത്രലാബ്.
- പരീക്ഷയാണോൽസവം- ശാസ്ത്ര കളരി . സംഘടിപ്പിക്കൽ
- ശാസ്ത്ര പ്രദർശനം നടത്തൽ
- ശാസ്ത്ര വാർത്തകൾ,ശാസ്ത്രജ്ഞൻമാരുടെ ചിത്രങ്ങൾ എന്നിവ പ്രദർഷിപ്പിക്കൽ
- സ്കൂളിലെഓരോപ്രവർത്തനത്തേയുംപഠനപ്രവർത്താനാവുമായി ബന്ധിപ്പിക്കുക. (കൃഷി,ശുചിത്വം,പാചകം

- നക്ഷത്രനിരീക്ഷണം
- ചോദ്യപ്പെട്ടി,ശാസ്ത്രക്വിസ്
- ഗവേഷണ പ്രൊജെക്ടുകൾ
- ശാസ്ത്രമാഗസിൻ
- ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ
- ശാസ്ത്രോപകരണ നിർമാണം
- കുടിവെള്ള പരിശോധന
- വിവിധതരം കമ്പോസ്റ്റിങ്ങ് സാധ്യതകൾ പരീക്ഷിക്കൽ
- കൃഷിസാധ്യതകൾ തിരിച്ചറിയാൻ

| ലക്ഷ്യം | പ്രവർത്തങ്ങൾ | മാസം | ചുമതല |
|---|---|---|---|
| • ഗ്രാമ നഗര പ്രദേശങ്ങളുടെ സംരക്ഷണം പ്രോത്സാഹിപ്പിക്കുക.<br>• സാമൂഹ്യ പരിഷ്കരണം<br>• ഗ്രാമങ്ങളും നഗരങ്ങളും അവയുടെ പ്രകൃതി സൌന്ദര്യങ്ങളും ചിത്രീകരിക്കുക. | ഫീൽഡ് ട്രിപ്പ് (ഗ്രാമകാഴ്ചകൾ) കുറിപ്പ് തയ്യാറാക്കുക. | ജൂൺ | സാമൂഹ്യ ശാസ്ത്ര ടീച്ചർ |
| • സമഗ്ര ഗുണമേന്മ പദ്ധതി പാഠം ഒന്ന്<br>• നല്ല പാഠം നല്ല മനുഷ്യരാകുക<br>• ബോധവൽക്കരണ ക്ലാസ്സുകൾ | ലഹരി ഉപയോഗത്തിനെതിരെ<br>• റോഡ് സുരക്ഷ<br>• ശുചിത്വം<br>• ആരോഗ്യം,വ്യായാമം,കായിക ക്ഷമത<br>• ഡിജിറ്റൽ അച്ചടക്കം<br>• പൊതുമുതൽ സംരക്ഷണം<br>• പരസ്പരസഹാകാരണത്തിന്റെ പ്രാധാന്യം<br>• 2025 ജൂൺ 13 പൊതുക്രോഡീകരണം | ജൂൺ 3 മുതൽ 13 വരെ | സാമൂഹ്യ ശാസ്ത്ര ടീച്ചർ |
| • ഭക്ഷ്യമേള പ്രചാരണം ചെയ്യുക.<br>• ഭക്ഷ്യമേളയുടെ പ്രത്യേകതകൾ പ്രതിപാദിക്കുക (ക്ലാസ്-5) | ഭക്ഷ്യമേള<br>കുട്ടികളുടെ പരിസരത്തുനിന്ന് ലഭിക്കുന്ന ഭക്ഷ്യവസ്തുക്കൾ ഉപയോഗിച്ച് മുതിർന്നവരുടെസഹായത്തോടെ ഭക്ഷണം തയ്യാറാക്കി ക്ലാസ്സിൽ കൊണ്ടുവരുന്നു.വിഭവങ്ങളുടെ വിവരണം പങ്കിട്ടു കഴിക്കൽ. | ജൂൺ ~~PATITHAAKKALUDE~~ | സാമൂഹ്യ ശാസ്ത്ര ടീച്ചർ |

| | | | |
|---|---|---|---|
| • പഠിതാക്കളെ ചരിത്രവബോധം ഉള്ളവരാക്കി മാറ്റിയിയെടുക്കുക( ക്ലാസ്-7) | വെർച്ചൽ ഫീൽഡ് ട്രിപ്പ് താജ്മഹൽ,ചെങ്കോട്ട, ഹമ്പി,വീഡിയോ പ്രദർശനം 9 JCT സാധ്യതകൾ ) | ജൂൺ | സാമൂഹ്യ ശാസ്ത്ര ടീച്ചർ |
| ലക്ഷ്യം<br>• വിദ്യാർഥി കേന്ദ്രീകരണം വളർത്തൽ<br>• വിദ്യാർഥികൾക്ക് പ്രതിഭശാലിയാകാൻ അവകാശം നൽകുക.<br>• സ്വതന്ത്രവും നീതി പൂർവ്വമുമായ തിരെഞ്ഞെടുപ്പ് രീതി മനസ്സിലാക്കുന്നതിന്. | പ്രവർത്തങ്ങൾ<br>• സ്കൂൾ പാർലമെൻറ് തിരഞ്ഞെടുപ്പ്<br>• തിരെഞ്ഞെടുപ്പിന്റെ വിവിധ ഘട്ടങ്ങൾ പഠിച്ചുകൊണ്ട് വിദ്യാലയത്തിൽ പാർലമെൻറ് തിരഞ്ഞെടുപ്പ് നടത്തുന്നു. | ജൂലൈ | സാമൂഹ്യ ശാസ്ത്ര ടീച്ചർ |
| • ആശയങ്ങൾ സന്ദേശങ്ങൾ ലക്ഷ്യങ്ങൾ ഉൾകൊണ്ട് സ്കിറ്റ് തയ്യാറാക്കാനുള്ള അവസരം കൊടുക്കുക.<br>• സ്കിറ്റ് ഉപയോഗിച്ച് പ്രചാരണം.(ക്ലാസ്സ്-7) | സ്കിറ്റ് തയ്യാറാക്കാം ജിസവണ്ണയുടെ ആശയങ്ങളും സന്ദേശങ്ങളും സ്കിറ്റ് തയ്യാറാക്കി അവതരിപ്പിക്കുന്നു. | ജൂലൈ | സാമൂഹ്യ ശാസ്ത്ര ടീച്ചർ |

## കല-കായികം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | പിന്തുണ | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സംഗീതം,നൃത്ത വിഷയങ്ങളിൽ പ്രാവീണ്യം നേടൽ<br>സാംസ്കാരിക ഉയർച്ച | 1.0നൃത്തപരിശീലനം<br>2.0സംഘഗാനം, നാടൻ പാട്ട് പരിശീലനം<br>3. ചിത്രരചന പരിശീലനം<br>4. നാടൻ കലാരൂപങ്ങളുടെ പരിശീലനം | ഒരു വർഷം | അധ്യാപകർ<br>പി.ടി.എ<br>എസ്.എസ്.ജി<br>എം.പി.ടി.എ<br>വിദഗ്ദരുടെ സേവനം | 25000<br>15000<br>10000<br>100000 |
| കായികശേഷി വർദ്ധിപ്പിക്കൽ<br>കായികമൽസരങ്ങളിൽ മികച്ച പ്രകടനം | 1. ഓട്ടം , ചാട്ടം, റിലേ എന്നിവയിൽ പരിശീലനം<br>2. എയറോബിക് പരിശീലനം (പെൺകുട്ടികൾക്ക്) | ഒരു വർഷം | പി.ടി.എ<br>എസ്.എസ്.ജി<br>എം.പി.ടി.എ<br>വിദഗ്ദരുടെ സേവനം | 25000<br>15000 |

## പ്രവൃത്തിപരിചയം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | പിന്തുണ | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രവൃത്തിപരിചയ നൈപുണികളിൽ എല്ലാവർക്കും പ്രാവിണ്യം നേടാൻ അവസരം കൊടുക്കുക | 1.പാഴ്വസ്തുക്കളി നിന്നുള്ള കരകൗശലവസ്തു ക്കളുടെ നിർമ്മാണം | 1 വർഷം | അധ്യാപകർ<br>എം.പി.ടി.എ<br>പൂർവ്വ വിദ്യാർത്ഥികൾ<br>എസ്.എസ്.ജി | 10000 |
| | 2. ക്ലേമോഡലിംഗ് പരിശീലനം | | | |
| | 3. വെജിറ്റബിൾ പ്രിന്റിംഗ് പരിശീലനം | 1 വർഷം | | 10000 |
| | 4. ഫാബ്രിക് പെയിന്റിംഗ് | 1 വർഷം | | 15000 |
| | 5. തുന്നൽ | 1 വർഷം | | 15000 |
| | 6. കൈവേല | 1 വർഷം | | 10000 |
| | 7. ശില്പശാല സംഘടിപ്പിക്കൽ | ജനുവരി | | 10000 |
| | 8. സ്കൂൾ തലത്തിൽ പ്രവൃത്തിപരിചയ മേള | നവംബർ | | 5000 |

# പൊതുപ്രവർത്തനങ്ങൾ

# 2025 - 2026

# അസംബ്ലി

## ലക്ഷ്യങ്ങൾ

- എല്ലാകുട്ടികൾക്കും നേതൃത്വപരമായ കഴിവുകൾ വികസിപ്പിക്കുക
- കുട്ടികളുടെ അക്കാദമിക നിലവാരം ഉയർത്തുന്ന വേദിയായി സ്കൂൾ അസംബ്ലി പുന: സംഘടിപ്പിക്കുക.
- സഭാകമ്പം ഇല്ലാതെ സദസ്സിനെ അഭിസംബോധന ചെയ്യാനുള്ള ശേഷി എല്ലാ കുട്ടികളിലും വളർത്തുക.

## പ്രവർത്തനങ്ങൾ

- അസംബ്ലി പ്രവർത്തനത്തിന് മാർഗ്ഗരേഖ വികസിപ്പിക്കൽ (പുസ്തക നിവ്യു, പുസ്തക പരിചയം, ക്ലാസിലെ വേറിട്ട പ്രവർത്തനങ്ങളുടെ പങ്കുവെക്കൽ, ഉൽപ്പന്നങ്ങളുടെ പ്രകാശനം , കുട്ടികളുടെ മികവുകൾക്ക് അംഗീകാരം
- നിർദ്ദിഷ്ട ക്ലാസ്സുകാരുടെ നേതൃത്വത്തിൽ നടക്കുന്ന സ്പെഷ്യൽ അസംബ്ലി.
- അസംബ്ലി ചാർട്ട് തയ്യാറാക്കൽ
- അസംബ്ലി ഗ്രൂപ്പ് രൂപീകരണം
- അസംബ്ലി അംഗീകാരത്തിനുള്ള വേദിയാക്കി മാറ്റൽ
- അസംബ്ലിയിൽ പ്രവർത്തനങ്ങൾ എല്ലാവർക്കും മനസ്സിലാകും വിധം അവതരിപ്പിക്കൽ.
- കുട്ടികളെ അസംബ്ലിക്ക് തയ്യാറാക്കുന്നതിന് അധ്യാപകർക്ക് ചുമതല നൽകൽ
- വിശേഷദിവസങ്ങളിൽ പ്രാദേശിക വിദഗ്ദരുടെ പങ്കാളിത്തം അസംബ്ലിയിൽ ഉറപ്പാക്കൽ
- മെച്ചപ്പെട്ട അസംബ്ലി നടത്തുന്ന ക്ലാസിന് അംഗീകാരം, മറ്റുള്ളവർക്ക് പ്രചോദനം
- ഇംഗ്ലീഷ് അസംബ്ലി
- പ്രത്യേക പരിഗണന അർഹിക്കുന്നവരുടെ അവതരണങ്ങൾ

## ആവശ്യകത , പ്രാധാന്യം

രാവിലെ ക്ലാസ് തുടങ്ങുന്നതിനു മുമ്പേ അസംബ്ലി കൂടുന്നതിലൂടെ കുട്ടികൾക്ക് ശാരീരികവും , മാനസീകവും ,ആത്മീയവുമായ മുന്നൊരുക്കം കിട്ടുന്നു. ദൈനംദിന പ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടാണ് അസംബ്ലി.

## അസംബ്ലി എങ്ങനെ ?

കുട്ടികൾ ആദ്യം തന്നെ നേർരേഖയിൽ നിവർന്നു നിൽക്കണം. അച്ചടക്കത്തെക്കുറിച്ചുള്ള ആദ്യ പാഠമാണിത്. നിവർന്നു നിൽക്കുന്നതിലൂടെ ശാരിരീക ഘടന കിട്ടുന്നു. ഇത് പഠനത്തിൽ വളരെ പ്രസക്തവുമാണ്.

## പ്രാർത്ഥന

മനസ്സിന്റെ ശുദ്ധീകരണമാണിത്. നല്ല ചിന്തകൾക്ക് മാത്രമേ മനസ്സിനെ ശുദ്ധമാക്കാൻ കഴിയൂ.

## Meditation for one minute

പല തലങ്ങളിൽ അലട്ടുന്ന ചിന്തകളെ ആശ്വസിപ്പിച്ച് മനസ്സിനെ ശാന്തമാക്കൽ.

# പഠനയാത്ര

## ലക്ഷ്യം

- എല്ലാകുട്ടികൾക്കും പങ്കാളിത്തം ഉറപ്പാക്കി അക്കാദമിക വികസനത്തിനായി പഠനയാത്രകൾ ക്രമീകരിക്കുന്നതിന്.
- പ്രാദേശിക പഠനയാത്രകൾ / ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നതിനും തുടർപ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും

## പ്രവർത്തനങ്ങൾ

- ഫീൽഡ് ട്രിപ്പ്/പഠനയാത്ര എന്നിവയ്ക്കുള്ള പാഠ്യപദ്ധതിയിലെ സാധ്യതകൾ ലിസ്റ്റ് തയ്യാറാക്കൽ
- ഇതിന്റെ അടിസ്ഥാനത്തിൽ പ്രാദേശിക സാധ്യതകൾ അന്വേഷിക്കൽ.
- എല്ലാവർക്കും പഠനയാത്രകൾ
- ക്ലാസ് റൂം സമ്പാദ്യപ്പെട്ടി.
- എല്ലാകുട്ടികളെയും പങ്കാളിത്തം ഉറപ്പാക്കക്കന്നതിന് പഠനയാത്രയുടെ ലക്ഷ്യം ആവശ്യകത എന്നിവ രക്ഷിതാക്കളെ ബോധ്യപ്പെടുത്തൽ.
- പോകുന്ന സ്ഥലത്തെക്കുറിച്ച് മുൻകൂട്ടി വിവരം ശേഖരിക്കൽ
- വിവിധ വിഷയങ്ങളുമായി പഠനയാത്രയെ ബന്ധിപ്പിക്കൽ , തുടർപ്രവർത്തനം തയ്യാറാക്കൽ (യാത്രാവിവരണം)
- ഫീൽഡ്ട്രിപ്പ് , പഠനയാത്ര എന്നിവയുടെ അനുഭവം മറ്റു ക്ലാസ്സുകളിലെ കുട്ടികളോട് പങ്കുവെക്കൽ

## പ്രവർത്തനങ്ങൾ

- **തിങ്കളാഴ്ച ഡ്രൈഡേ:**

ജൂൺ മാസം മുതൽ ഒക്ടോബർ മാസം വരെ ചിട്ടയായി ചെയ്യേണ്ട ഒരു പ്രവർത്തനമാണിത്. സ്കൂളും പരിസരവും നിരീക്ഷിച്ച് വെള്ളം കെട്ടി നിൽക്കാൻ സാധ്യതയുള്ള ചിരട്ട, പ്ലാസ്റ്റിക് കുപ്പി etc. നീക്കം ചെയ്യുക. ie. സ്കൂൾ പരിസരത്ത് വെള്ളം കെട്ടിനിന്ന് കൊതുക് വളരാനുള്ള സാധ്യത തീർത്തും ഒഴിവാക്കുക. 3,4,5 ക്ലാസിലെ കുട്ടികൾ ഈ പ്രവർത്തനം ഏറ്റെടുത്ത് നടത്തുന്നു.

- **ക്ലാസ്റൂം ക്ലീനിംഗ്**

ക്ലാസ് റൂം ക്ലീനിംഗ് ഗ്രൂപ്പടിസ്ഥാനത്തിൽ നിർവ്വഹിക്കുന്നു. ഓരോ ഗ്രൂപ്പിനും ദിവസം ക്രമീകരിച്ച് നൽകുന്നു. എല്ലാ ദിവസവും വൈകുന്നേരം ശുചീകരണ പ്രവർത്തനങ്ങളിലേർപ്പെടുന്നു.

- **വ്യക്തിശുചിത്വ പരിശോധന**

എല്ലാ തിങ്കൾ, വ്യാഴം ദിവസങ്ങളിൽ ക്ലാസ് തലത്തിൽ വ്യക്തിശുചിത്വ പരിശോധന നടത്തുന്നു. നഖം വെട്ടിയിട്ടുണ്ടോ? അലക്കിയ വസ്ത്രം ധരിച്ചിട്ടുണ്ടോ? കുളിച്ചിട്ടുണ്ടോ? പഠനോപകരണങ്ങൾ ശുചിയായി സൂക്ഷിച്ചിട്ടുണ്ടോ? തുടങ്ങിയവയാണ് പരിശോധിക്കുന്നത്.

- **ശുചിത്വ സേനാ രൂപീകരണം**

സ്കൂൾ കുട്ടികൾ മുഴുവനും ശുചിത്വസേനയിലെ അംഗങ്ങളായിരിക്കും. അഞ്ച് ഗ്രൂപ്പുകളായി തിരിച്ച് അഞ്ചാം ക്ലാസിലെ കുട്ടികളെ ലീഡറായും നാലാം ക്ലാസിലെ കുട്ടികളെ ഡെപ്യൂട്ടി ലീഡറായും തെരഞ്ഞെടുക്കുന്നു. ഓരോ ഗ്രൂപ്പിലും എല്ലാ ക്ലാസിലെയും കുട്ടികൾ അംഗങ്ങളായിരിക്കും. മുകളിൽ പറഞ്ഞ പ്രവർത്തനങ്ങളുടെ നടത്തിപ്പ് സുഗമമാക്കുന്നത് ശുചിത്വസേനാംഗങ്ങളാണ്. ഓരോ ഗ്രൂപ്പിനും ഓരോ ദിവസം എന്ന രീതിയിൽ സമയക്രമം നൽകുന്നു.

- **മാലിന്യ മുക്ത കാമ്പസ്**

സ്കൂൾ കാമ്പസ് മാലിന്യമുക്തമാക്കുക. കോമ്പൗണ്ടിൽ പോസ്റ്ററുകൾ പതിപ്പിക്കുന്നു. സ്ലാസുകളിൽ ശുചീകരണത്തിനാവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുന്നു.

- **ശുചിത്വ ട്രോഫി**

ക്ലാസ്സ് റൂം ക്ലീനിങ് അടിസ്ഥാനമാക്കി ആഴ്ചയിൽ വൃത്തിയുള്ള ക്ലാസ്സിന് ട്രോഫി

## മലയാള ഭാഷയിൽ ലക്ഷ്യം പൂർത്തീകരിക്കാനായി സ്കൂളിൽ പൊതുവായി ചെയ്യാവുന്ന പ്രവർത്തനങ്ങൾ

### സ്കൂൾ ലൈബ്രറി ശാക്തീകരണം.

**ആമുഖം**

സ്കൂൾ ലൈബ്രറിയിൽ എൽ.പി, യു.പി വിഭാഗങ്ങളിലായി നിലവിൽ 2000 ത്തോളം പുസ്തകങ്ങളുണ്ട്. ഇതിൽ ഏകദേശം നൂറെണ്ണം റഫറൻസ് വിഭാഗത്തിൽപ്പെടുന്നു. പുസ്തകങ്ങൾ ശരിയായ രീതിയിൽ ക്രമീകരിച്ചു വെക്കുന്നതിന് സ്ഥലപരിമിതി ഒരു പ്രധാന പ്രശ്നമാണ്. ഇംഗ്ലീഷ്, ശാസ്ത്ര-ഗണിതശാസ്ത്ര വിഭാഗങ്ങളിൽ കൂടുതൽ പുസ്തകങ്ങൾ ഉൾപ്പെടുത്തേണ്ടതുണ്ട്. പുസ്തകങ്ങളുടെ ക്രമാകരണം കുറച്ചുകൂടി ചിട്ടപ്പെടുത്തി ആകർഷകമാക്കേണ്ടതുണ്ട്.

**ലക്ഷ്യങ്ങൾ**

2018 ഡിസംബർ 31 ന് മുമ്പ് ലൈബ്രറി മാതൃകാപരമായി ക്രമീകരിച്ച് ആകർഷകമാക്കും. പുസ്തകങ്ങളുടെ ക്രമീകരണം കുറച്ചുകൂടി ആകർഷകമാക്കേണ്ടതുണ്ട്.

**പ്രവർത്തനങ്ങൾ**

നിലവിൽ ലഭ്യമായ പുസ്തകങ്ങളെ ഇനം തിരിച്ച് തരം തിരിക്കുന്നു. എഴുത്തുകാരന്റെ പേരിൽ അക്ഷരമാല ക്രമത്തിൽ ക്രമീകരിക്കുന്നു.

- ഓരോ ക്ലാസിലും ഉപയോഗിക്കാവുന്ന പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നു.
- പാഠാസൂത്രണത്തിന്റെ ഭാഗമായി വിവിധ വിഷയങ്ങളിൽ ചുമതലയുള്ള അധ്യാപകരുടെ നേതൃത്വത്തിൽ പുസ്തകങ്ങൾ ക്രമീകരിക്കുന്നു.
- ഓരോ ക്ലാസിൽ നിന്നും ഒരു ക്ലാസ് ലൈബ്രേറിയനെ തിരഞ്ഞെടുക്കുന്നു.
- ചെയ്യേണ്ട പ്രവർത്തനരീതികൾ കുട്ടികളെ ബോധ്യപ്പെടുത്തുന്നു.
- പ്രധാന ഹാളിന്റെ (ലൈബ്രറിയുടെ) ചുമരുകൾ പ്രശസ്ത സാഹിത്യകാരന്മാരുടെ വചനങ്ങളും ചിത്രങ്ങളും കൊണ്ട് അലങ്കരിക്കുക.
- വിവിധ വിഷയങ്ങളിൽ തയ്യാറാക്കിയ ലിസ്റ്റ് അനുസരിച്ച് സ്കൂളിൽ ഇല്ലാത്ത പുസ്തകങ്ങൾ സംഘടിപ്പിക്കുന്നതിനായി ലൈബ്രറി സമാഹരണയജ്ഞം നടത്തുന്നു.